പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 6

# 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

(ശ്രീ. പി. എസ്. സുപാൽ, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 6

# 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

(ശ്രീ. പി. എസ്. സുപാൽ, എം.എൽ.എ. നോട്ടീസ് നൽകിയത്)

964/2021.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 6

# 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലിചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

(ശ്രീ. സുപാൽ, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ വാതിൽപ്പടി സേവനം നടത്തുന്ന സംസ്ഥാനത്തെ എതെങ്കിലുമൊരു വേജ് ബോർഡിന്റെ പരിധിയിൽ വരാത്ത ജോലികൾ ചെയ്യുന്നവരുടെ ക്ഷേമത്തിനും പെൻഷൻ നൽകുന്നതിനും ചികിത്സാ ധനസഹായത്തിനുംവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനായി വ്യവസ്ഥചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ ഹോട്ടലുകൾ ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, കൊറിയർ സർവ്വീസ് സ്ഥാപനങ്ങൾ ഓൺലൈൻ മാർക്കറ്റിംഗ് സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സാധനങ്ങളും സേവനങ്ങളും വീടുകളിലെത്തിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും പെൻഷൻ നൽകുന്നതിനുംവേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും ബന്ധപ്പെട്ട മറ്റ് ചില കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എഴുപത്തി രണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമം നിർമ്മിക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ടിന് 2021-ലെ കേരള സംസ്ഥാനത്തെ വാതിൽപ്പടി സേവനം നടത്തുന്ന തൊഴിലാളികളുടെ ക്ഷേമനിധി ആക്ട് എന്ന് പേര് പറയാം;

(2) ഇതിന് സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്;

(3) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനപ്രകാരം നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിന്റെ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) 'വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർ' എന്നാൽ ഹോട്ടലുകൾ, ചില്ലറ വ്യാപാര സ്ഥാപനങ്ങൾ, ഓൺലൈൻ മാർക്കറ്റിംഗ് സ്ഥാപനങ്ങൾ, കൊറിയർ സർവ്വീസുകൾ തുടങ്ങി മറ്റിതര സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങളും സേവനങ്ങളും വീടുവീടാന്തരം എത്തിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നർത്ഥമാകുന്നു;

ഈ ആക്ടിന്റെ ആവശ്യത്തിനായി ഒരാൾ ഈ വിഭാഗത്തിലെ തൊഴിലാളിയാണോ അല്ലയോ എന്ന തർക്കം ഉണ്ടാവുകയാണെങ്കിൽ ആ പ്രശ്നം സർക്കാരിനോ ഇതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള രജിസ്റ്റേഡ് ട്രേഡ് യൂണിയനുകൾക്കോ റഫർ ചെയ്യേണ്ടതും അതിന്മേലുള്ള സർക്കാരിന്റെയോ ആ സംഘടനകളുടെയോ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്

(ബി) 'ബോർഡ് ' എന്നാൽ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന വാതിൽപ്പടി സേവന രംഗത്തെ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

(സി) 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ' എന്നാൽ 8-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു;

(ഡി) 'അംശാദായം' എന്നാൽ 6-ാം വകുപ്പ് പ്രകാരം നിധിയിലേക്ക് നൽകേണ്ട തുക എന്നർത്ഥമാകുന്നു;

(ഇ) 'നിധി' എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാനത്തെ വാതിൽപ്പടി സേവനരംഗത്തെ തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകുന്നു;

(എഫ്) 'അംഗം' എന്നാൽ നിധിയിലെ ഒരംഗം എന്നർത്ഥമാകുന്നു;

(ജി) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എച്ച്) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.

3. സംസ്ഥാനത്ത് വാതിൽപ്പടി സാധനങ്ങളും സേവനങ്ങളും എത്തിക്കുന്ന മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി.—സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ഈ മേഖലയിലെ ജീവനക്കാരുടെ ക്ഷേമത്തിനായി ഈ ആക്ടിന്റെ കീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനുവേണ്ടി കേരള സംസ്ഥാന വാതിൽപ്പടി സേവനമേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും പദ്ധതി രൂപീകരിച്ചശേഷം ഏത്രയും വേഗത്തിൽ ഈ ആക്ടിലും പദ്ധതിയിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ഒരു നിധി രൂപീകരിക്കേണ്ടതുമാണ്. സർക്കാർ ഈ നിധിയിലേക്ക് ഓരോ വർഷവും ബഡ്ജറ്റിൽ നിശ്ചിത തുക നീക്കിവയ്ക്കേണ്ടതുമാണ്.